കേരള സംസ്ഥാന ഫിനാൻഷ്യൽ എന്റർപ്രൈസസ്

51 (3152) ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ എത്ര ശാഖകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; എല്ലാ ശാഖകളിലും കൂടി എത്ര വരിക്കാരുണ്ട്; പ്രതിവർഷം മൊത്തം എത്ര കോടി രൂപയുടെ ബിസിനസ്സ് നടത്തുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ സമ്മാന പദ്ധതികൾ, ചിട്ടി ക്യാമ്പയിൻ മേളകൾ, ഉപകരണങ്ങൾ വാങ്ങൽ, കോർ ബാങ്കിംഗിനും മറ്റുമുള്ള കരാറുകൾ എന്നിവയ്ക്കായി മൊത്തം എത്ര കോടി രൂപ ചെലവായി; ഓരോന്നിനും എത്ര വീതം;

(സി) കമ്പനി നിയമപ്രകാരം നിയമപരമായി പൂർത്തീകരിക്കേണ്ട ഇന്റേണൽ ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) സമ്മാന പദ്ധതിയിൽ സമ്മാനങ്ങൾ വാങ്ങിയതിലും മറ്റുമായി വൻ അഴിമതികൾ നടന്നിട്ടുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം അഴിമതികൾ കണ്ടെത്തുന്നതിനും ഇല്ലാതാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ 543 ശാഖകളാണ് (31-1-2016-ലെ കണക്കുപ്രകാരം) പ്രവർത്തിക്കുന്നത്. അതുപ്രകാരം കെ.എസ്.എഫ്.ഇ.ക്ക് 1,414.54 കോടി രൂപ ചിട്ടി സലയും 1697640 വരിക്കാരുമുണ്ട്. 31-1-2016 പ്രകാരമുള്ള ബിസിനസ്സ് ടേൺ ഓവർ 28,541 കോടി രൂപയാണ്. ഈ സാമ്പത്തികവർഷം (31-1-2016 വരെ) ചെയ്ത ചിട്ടി ബിസിനസ്സ് 340.75 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2011-12 മുതൽ 2014-15 വരെ സമ്മാന പദ്ധതികൾ, ചിട്ടി ക്യാമ്പയിൻ മേളകൾ എന്നിവയ്ക്കായി 26,79,53,886 (ഇരുപത്താറ് കോടി എഴുപത്തൊമ്പത് ലക്ഷത്തി അമ്പത്തിമൂവായിരത്തി എണ്ണൂറ്റി എൺപത്താറ്) രൂപ ചെലവായിട്ടുണ്ട്. 2011-12 മുതൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഇതുവരെയായി 23,24,76,492 (ഇരുപത്തിമൂന്ന് കോടി ഇരുപത്തിനാല് ലക്ഷത്തി എഴുപത്താറായിരത്തി നാനൂറ്റി തൊണ്ണൂറ്റി രണ്ട്) രൂപ ചെലവായിട്ടുണ്ട്. കോർ ബാങ്കിംഗിനുള്ള കരാറിനത്തിൽ 'Nest' എന്ന കമ്പനിക്ക് ഇതുവരെയും 1,99,68,393 (ഒരു കോടി തൊണ്ണൂറ്റിയൊമ്പത് ലക്ഷത്തി അറുപത്തിയെണ്ണായിരത്തി മൂന്നൂറ്റി തൊണ്ണൂറ്റിമൂന്ന്) രൂപ ചെലവായിട്ടുണ്ട്. മേൽ കാണിച്ചിട്ടുള്ള ഇനങ്ങൾക്കായി ആകെ 52,03,98,771 (അമ്പത്തിരണ്ട് കോടി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റിയെണ്ണായിരത്തി എഴുന്നൂറ്റി എഴുപത്തിയൊന്ന്) രൂപ ചെലവായിട്ടുണ്ട്.

(സി) പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) സമ്മാന പദ്ധതിയെപ്പറ്റി ഒരുതരത്തിലുള്ള ആക്ഷേപവും ശ്രദ്ധയിൽപെട്ടിട്ടില്ല.

ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

52 (3153) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസ് ബിൽഡിംഗ് അഡ്വാൻസ് അനുവദിച്ചു കിട്ടിയ ജീവനക്കാർക്ക് പ്രസ്തുത തുക കൊണ്ട് വീട് പണി പൂർത്തിയാക്കാൻ കഴിയാതെ വരുന്നതും ആധാരം ഗവൺമെന്റിലേയ്ക്ക് രജിസ്റ്റർ ചെയ്യപ്പെടുന്നതിനാൽ മറ്റ് ലോണുകളൊന്നും ലഭ്യമാവാത്ത സ്ഥിതി നിലനിൽക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എച്ച്.ബി.എ. അനുവദിച്ചു കിട്ടുന്നതിന് സർക്കാരിലേക്ക് രജിസ്റ്റർ ചെയ്തു നല്കിയ ആധാരങ്ങൾ വെച്ച് വസ്തുവിന്റെ വാല്യു അടിസ്ഥാനത്തിൽ മറ്റ് ലോണുകൾ (ഹൗസിംഗ്) എടുക്കുന്നതിന് അനുമതി നല്കുന്ന കാര്യം പരിശോധിച്ച് നടപടിയെടുക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 31-7-1991-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 436/91/ധന., 22-7-1999-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 1610/99/ധന., 11-2-2008-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 76/08/ധന., 18-2-2013-ലെ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly